നം.എം.(4)/52381/2016/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ -
കാര്യാലയം, തിരുവനന്തപുരം,
തീയതി: 08..08..2016.

# സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - 2016 ഓഗസ്റ്റ് 15 - സ്വാതന്ത്ര്യദിനാഘോഷം - സംബന്ധിച്ച്--

സൂചന:- 25-07-2016-ലെ 222/ Pol.5/2016/GAD നമ്പർ കത്ത്.

*****

എല്ലാ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ ഓഫീസുകളിലും 2016 ആഗസ്റ്റ് 15-ന് ഭാരത സ്വാതന്ത്ര്യത്തിന്റെ 69-ാം വാർഷികം സമുചിതമായി ആഘോഷിക്കേണ്ടതാണ്.

അന്നേദിവസം പ്രഥമാദ്ധ്യാപകരുടെ/സ്ഥാപനമേധാവിയുടെ നേതൃത്വത്തിൽ മുഴുവൻ വിദ്യാർത്ഥികളും സ്റ്റാഫംഗങ്ങളും സ്ഥാപനത്തിൽ ഒരുമിച്ചു ചേരണം. രാവിലെ 9.30-നകം ദേശീയ പതാക ഉയർത്തുകയും തുടർന്ന് എല്ലാവരും ഒത്തൊരുമിച്ച് ദേശീയഗാനം ആലപിക്കുകയും ചെയ്യണം. സ്വാതന്ത്ര്യദിനാഘോഷത്തിനുമുന്നോടിയായി സ്ഥാപനവും പരിസരവും വൃത്തിയാക്കുവാനും കമനീയമായി അലങ്കരിക്കുവാനും നടപടി സ്വീകരിക്കണം.

സ്കൂളുകളിൽ വിദ്യാർത്ഥികൾക്കുവേണ്ടി പ്രഭാഷണങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരേഡുകൾ, കലാപരിപാടികൾ, വിവിധ മൽസരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. ആഘോഷപരിപാടിയിൽ സ്വാതന്ത്ര്യസമരസേനാനികൾ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ, രക്ഷിതാക്കൾ ഉൾപ്പെടെയുള്ള പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കണം.

സ്വാതന്ത്ര്യദിനത്തിന്റെ പ്രാധാന്യവും അന്ത:സത്തയും പുതുതലമുറയ്ക്ക് അനുഭവവേദ്യമാകുന്നതരത്തിൽ വേണം ആഘോഷപരിപാടികൾ സംഘടിപ്പിക്കേണ്ടത് എന്നുകൂടി ഓർമ്മപ്പെടുത്തുന്നു.

(ഒപ്പ്)
**കെ.വി.മോഹൻകുമാർ,**
പൊതു വിദ്യാഭ്യാസ ഡയറക്ടർ

(ഉത്തരവിൻ പ്രകാരം)

**ജിമ്മി.കെ.ജോസ്,**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
കരുതൽ ഫയൽ.

എ റി 8/8